കുടുംബമാണ്. കാൽവരി കുരിശുമല തീർത്ഥാടനം നമ്മെ സംബന്ധിച്ച് വിശേഷാൽ തീർത്ഥാടന കേന്ദ്രമാകുന്നത് ദൈവാനുഗ്രഹത്തിന്റെ അടയാളമാണ്. വലിയ നോമ്പുകാലത്ത്, വിശേഷിച്ച് നാല്പതാം വെള്ളിയാഴ്ച കാൽവരി മലയിലേക്കുള്ള തീർത്ഥാടന പദയാത്ര നടത്തി അനുഗ്രഹം പ്രാപിക്കാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഭദ്രാസനം തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ കടന്നുവന്നു നടത്തുന്ന പ്രാർത്ഥനകൾക്കും ഭക്താനുഷ്ഠാനങ്ങൾക്കും പ്രത്യേക പ്രാധാന്യമുണ്ടെന്ന് നാം മനസ്സിലാക്കണം. അനുതാപത്തോടെ, പാപമോചനം നേടി, വിശ്വാസപ്രമാണം ചൊല്ലി, പരിശുദ്ധ പിതാവിന്റെ പ്രത്യേക നിയോഗത്തോടെ തീർത്ഥാടനം നടത്തുന്ന വിശ്വാസികൾക്ക് പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുമെന്ന് തിരുസഭ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ രക്ഷാകരമായ സ്ലീബായിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ട് പ്രത്യാശയോടെ നമുക്ക് വിശ്വാസ തീർത്ഥാടന യാത്ര തുടരാം.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

മൂവാറ്റുപുഴ അരമന
04.04.2025

**✠യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്താ.

---

N.B: ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



# THE SYRO-MALANKARA CATHOLIC CHURCH
## EPARCHY OF MUVATTUPUZHA

**✠Yoohanon Mar Theodosius**
**Metropolitan of Muvattupuzha**

**Catholic Bishop's House**
**Vazhappilly, Mudavoor P.O,**
**Muvattupuzha - 686 669**

Prot. No. CL 01/2025

### വാക്കോടൻ കാൽവരി കുരിശുമല തീർത്ഥാടന കേന്ദ്ര പ്രഖ്യാപനവും കുരിശുമല കയറ്റവും

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ വിശ്വാസികളേ,

അമ്പതു നോമ്പിന്റെ ഈ അനുഗ്രഹീത കാലയളവിൽ പ്രാർത്ഥന, ഉപവാസം, ഉപവിപ്രവർത്തനങ്ങൾ ഇവയിലൂടെ സഭ ഒന്നാകെ വിശ്വാസ തീർത്ഥാടനം നടത്തുകയാണ്. അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയാണ് ഈ യാത്രയുടെ ചൈതന്യം. രക്ഷാകരമായ നമ്മുടെ കർത്താവിന്റെ സ്ലീബായെ നോക്കിയുള്ള ഈ യാത്ര അവിടുത്തെ ഉയിർപ്പിന്റെ സന്തോഷത്തിലേക്കാണ് നമ്മെ ആനയിക്കുക. “സ്ലീബാ കുറ്റമറ്റ ആയുധവും വീണു പോകാത്ത കോട്ടയുമാകുന്നു.... സ്ലീബാ രക്തസാക്ഷികളെ കിരീടമണിയിക്കുന്നു. സ്ലീബാ സ്വർഗീയരെ ഭൗമീകരോട് യോജിപ്പിക്കുന്നു”. വലിയ നോമ്പിലെ ഈ പ്രാർത്ഥന എത്ര സുന്ദരവും അർത്ഥപൂർണ്ണവുമാണ് (വെള്ളി, 6-ാം മണി). രക്ഷാകരമായ സ്ലീബായെ നമുക്ക് മഹത്വപ്പെടുത്താം. നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങൾ വെളിപ്പെടുത്തുന്ന കുരിശിന്റെ വഴിയിലൂടെയുള്ള തീർത്ഥാടന പദയാത്രയിൽ നമുക്കും പങ്കാളികളാകാം.

കഴിഞ്ഞ 31 വർഷങ്ങളായി ഇരുമ്പാമുട്ടി നിരവ് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്ക ഇടവകയുടെ നേതൃത്വത്തിൽ, സീറോ മലബാർ സഭയുടെയും, ഇതര സഭാ വിശ്വാസികളുടെയും, മേരി മക്കൾ സന്യാസിനീ സമൂഹത്തിന്റെയും പൊതുസമൂഹത്തിന്റേയും ഭാഗഭാഗിത്വത്തോടെ വലിയ നോമ്പിന്റെ 40-ാം വെള്ളിയാഴ്ച വാക്കോടൻ കാൽവരി കുരിശുമല കയറ്റം മുടക്കം കൂടാതെ, ഭക്തിനിർഭരമായി നടത്തിവരുന്നു. മൂവാറ്റുപുഴ ഭദ്രാസനം അവിഭക്ത തിരുവല്ല അതിരൂപതയുടെ ഭാഗമായിരുന്ന കാലത്ത് സമാരംഭിച്ച ഈ കുരിശുമലകയറ്റം കഴിഞ്ഞ മൂന്നു ദശകങ്ങളായി പൂർവ്വാധികം ശക്തിപ്രാപിച്ചു വരുന്നു. കാൽവരിക്കുന്നിന്റെ പ്രതീതി ജനിപ്പിക്കുന്ന വാക്കോടൻ മലയും, മലയിലേക്കുള്ള വഴിത്താരയിൽ സ്ഥാപിതമായിരിക്കുന്ന കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങളും, ദൈവജനം ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്ന കുരിശിന്റെ വഴിയിലെ സഹനയാത്രയും അത്ഭുതകരമായ ഒരു വിശ്വാസ സാക്ഷ്യമായി മാറിക്കൊണ്ടിരിക്കുന്നു. വർഷംതോറും വർദ്ധിച്ചു വരുന്ന ജനങ്ങളുടെ പങ്കാളിത്തം ഇതിന്റെ പ്രകടമായ സാക്ഷ്യമാണ്. കുടിയേറ്റ മേഖലയിലെ ദൈവജനത്തെ കൂട്ടിയിണക്കുന്ന ഒരു ഭക്താഭ്യാസമായി ഇത് മാറിക്കഴിഞ്ഞു. 31 വർഷങ്ങൾക്ക് മുമ്പ് ബഹുമാന്യനായ മാത്യു തടത്തിൽ അച്ചനും, ഇടവകക്കാരും, ദേശവാസികളും ചേർന്ന് കമുകിന്റെ വാരികൊണ്ട് 14 കുരിശുകൾ സ്ഥാപിച്ചു. അങ്ങനെ തുടക്കം കുറിച്ച ഈ കുരിശിന്റെ വഴി കൂട്ടായ്മ ഇന്ന് വിശ്വാസ സാക്ഷ്യത്തിന്റെ നേർക്കാഴ്ചയാണ്. കാലാകാലങ്ങളിൽ ശുശ്രൂഷയ്ക്കായി കടന്നുവന്ന വികാരിയച്ചൻമാർ ഈ ദൈവീകമായ ഇടപെടലിനെ ഹൃദയത്തോട് ചേർത്ത് വളർത്തിയെന്നുള്ളതും സന്തോഷത്തോടെ അനുസ്മരിക്കുന്നു.

ആഗോള കത്തോലിക്കാ സഭ 2025 ജൂബിലി വർഷമായി ആചരിക്കുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഈ ജൂബിലി വർഷം ഒരു തീർത്ഥാടന കാലമായി പ്രത്യേകം പ്രഖ്യാപിച്ചിരിക്കുമ്പോൾ വാക്കോടൻ കുരിശുമലയിലെ സംയുക്ത കുരിശിന്റെ വഴി ഏറെ പ്രസക്തമാണ്. കടന്നുപോയ നാൾ



വഴികളുടെ പുണ്യവും, ജൂബിലി വർഷത്തിന്റെ സാന്നിധ്യവും കണക്കിലെടുത്ത്, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് മേജർ ആർച്ച് ബിഷപ്പ് കാതോലിക്കാ ബാവായുടെ അനുഗ്രഹാശ്ശിസുകളോടെ വാക്കോടൻ കാൽവരി കുരിശുമല ഈ വരുന്ന 11-ാം തീയതി 2.30-ന് (40-ാം വെള്ളി) മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പൊതു തീർത്ഥാടന കുരിശുമലയായി പ്രഖ്യാപിക്കുന്ന വിവരം ഏവരെയും സന്തോഷത്തോടെ അറിയിക്കുന്നു.

2025 ഏപ്രിൽ 11-ാം തീയതി ഇരുമ്പാമുട്ടി സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് 11.30-ന് രൂപതാധ്യക്ഷന്റെ മുഖ്യകാർമികത്വത്തിൽ സമൂഹബലിയും, ഉച്ചയ്ക്ക് 2.30-ന് വാക്കോടൻ കാൽവരി കുരിശുമല തീർത്ഥാടന കേന്ദ്ര പ്രഖ്യാപനവും, തുടർന്ന് കുരിശിന്റെ വഴിയും ഉണ്ടായിരിക്കുന്നതാണ്. ഈ പുണ്യ കർമ്മങ്ങളിൽ പങ്കെടുത്ത് പ്രത്യാശയുടെ തീർത്ഥാടകരാകാൻ ഏവരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

നമ്മുടെ വിശ്വാസം ദീപ്തമാക്കുവാനും ലോകത്തിനു സാക്ഷ്യം നൽകുവാനും ആത്മീയ നന്മകൾ പ്രാപിക്കുവാനും "കാൽവരി തീർത്ഥാടനം" നമ്മെ സഹായിക്കും. ജൂബിലി വർഷത്തിലെ തീർത്ഥാടനം സഭ ഒന്നാകെയുള്ള തീർത്ഥാടനമായി മാറുന്നു. ദൈവമക്കൾ കുരിശിന്റെ വഴിയിലെ പ്രാർത്ഥനകൾ നടത്തി മലകയറി തീർത്ഥാടനത്തിൽ പങ്കുകാരാകുമ്പോൾ സ്വർഗ്ഗം ആനന്ദിക്കും, ദേശവും, കുടുംബങ്ങളും, ഭദ്രാസനവും അനുഗ്രഹിക്കപ്പെടും.

ക്രൈസ്തവ ജീവിതം വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ വിശ്വാസം ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. വിശ്വാസത്തിനുവേണ്ടി ലോകത്തിൽ പീഡനം ഏൽക്കുന്ന സഭാസമൂഹങ്ങളെയും വ്യക്തികളെയും ഇത്തരുണത്തിൽ നമുക്ക് അനുസ്മരിക്കാം. രക്ഷാകരമായ കുരിശിനെ അവഹേളിക്കുന്നവരുടെ മുൻപിൽ കുരിശിന്റെ മഹത്വം നമുക്ക് പ്രഖ്യാപിക്കാം.

നമ്മുടെ ഭദ്രാസനം ദൈവാനുഗ്രഹത്തിൽ വളരുന്ന ഒരു